# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.5225** — **31.10.2016-ൽ മറുപടിയ്ക്ക്**

## പതിമൂന്നാം പഞ്ചവത്സര പദ്ധതി

**ചോദ്യം**

ശ്രീ.എൻ.എ.നെല്ലിക്കുന്ന്

(എ) സംസ്ഥാനത്ത് പതിമൂന്നാം പഞ്ചവത്സര പദ്ധതി തയ്യാറാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

**മറുപടി**

ശ്രീ.പിണറായി വിജയൻ
(ബഹു.മുഖ്യമന്ത്രി)

(എ) സംസ്ഥാനത്ത് പതിമൂന്നാം പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതിനുള്ള നടപടികൾ ഇതിനകം ആരംഭിച്ചു കഴിഞ്ഞു. ഇതിന്റെ ഭാഗമായി സംസ്ഥാന ആസൂത്രണ ബോർഡിൽ വിവിധ മേഖലകൾ/ഉപമേഖലകളിലായി 43 കർമ്മ സമിതികൾക്ക് രൂപം നൽകുകയും ഈ സമിതികളുടെ യോഗം നടന്നുവരികയും ചെയ്യുന്നു. ഇവയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാവും പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നത്. സംസ്ഥാനത്തിന്റെ പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ സമീപനരേഖ (Approach paper) പുറത്തിറക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ വർഷമായ 2017-18 വാർഷിക പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. വാർഷിക പദ്ധതിയിൽ വിവിധ വകുപ്പുകൾക്ക് അടങ്കൽ തുക നിർദ്ദേശിക്കുന്നതിനായി ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ, വിവിധ പ്രൊഫോർമകൾ എന്നിവ ഇതിനകം നൽകി കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ ഭാഗമായി വകുപ്പ് മേധാവികൾ, ഗവൺമെന്റ് സെക്രട്ടറിമാർ, മന്ത്രിമാർ എന്നിവരുമായുള്ള ചർച്ചകൾ ഒക്ടോബർ, നവംബർ മാസങ്ങളിൽ നടക്കുന്നതാണ്. വാർഷിക പദ്ധതി 2017-18 ന്റെ പദ്ധതി രേഖ ഫെബ്രുവരി 2017 ന് പുറത്തിറക്കുന്നതിനും പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ പദ്ധതിരേഖ 2017-18 ന്റെ ആദ്യ പാദത്തിൽ തന്നെ പുറത്തിറക്കുന്നതിനും ലക്ഷ്യമിടുന്നു.

(ബി) എത്ര തുകയുടെ പദ്ധതിയാണ് വിഭാവനം ചെയ്യുന്നത്; ഈ തുക എങ്ങനെ സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നത്; പദ്ധതി രൂപീകരണത്തിനും നടത്തിപ്പിനും ഏർപ്പെടുത്താനുദ്ദേശിക്കുന്ന സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ കൂടുതൽ പരിഗണനയും പ്രാധാന്യവും നൽകാനുദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

(ബി) & (സി) പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ വിവിധ സമിതികളുടെ റിപ്പോർട്ട്, സംസ്ഥാന രേഖ എന്നിവയ്ക്ക് അന്തിമ രൂപം നൽകി അംഗീകരിച്ചശേഷം മാത്രമേ പൊതുരേഖയായി പ്രസിദ്ധീകരിക്കുന്നത്. പദ്ധതി തുകയുടെ അടങ്കൽ, സമാഹരണം, നടത്തിപ്പ് എന്നിവ സംബന്ധിച്ച് രൂപരേഖ തയ്യാറാക്കി വരുന്നു. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ സംസ്ഥാന രേഖയുടെ കരട് അന്തിമഘട്ടത്തിലാണ്.

സെക്ഷൻ ഓഫീസർ